"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജയിലുകൾ - ജയിൽ വകുപ്പിൽ നോൺ ഗസറ്റഡ് എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ വ്യക്തിഗത റാങ്കിംഗ് - നിർദ്ദിഷ്ട സർവ്വീസ് കാലാവധി പുനർനിർണയിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.183/2025/HOME തീയതി,തിരുവനന്തപുരം, 24-09-2025

---

പരാമർശം:-

1. സ.ഉ(കൈ)നം.64/2019/ആഭ്യന്തരം, തീയതി 31.05.2019.
2. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 30.09.2024 തീയതിയിലെ ഇ5-25925/2024/PrHQ നമ്പർ കത്ത്.
3. കേരളാ ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച 24.08.2024 തീയതിയിലെ 09/2024, 18.07.2025 തീയതിയിലെ 09/2025 നമ്പർ നിവേദനങ്ങൾ.

**<u>ഉത്തരവ്</u>**

ജയിൽ വകുപ്പിൽ 15 വർഷം പൂർത്തിയാക്കിയ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ (നോൺ കേഡർ) ആയും, 22 വർഷം പൂർത്തിയാക്കിയ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ / ഡെപ്യൂട്ടി പ്രിസൺ ഓഫീസർ /ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ( നോൺ കേഡർ)/ഗേറ്റ് കീപ്പർ/പ്രിസൺ ഓഫീസർ എന്നിവരെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് - 2 (നോൺ കേഡർ) ആയും , 28 വർഷം പൂർത്തിയാക്കിയ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ /ഡെപ്യൂട്ടി പ്രിസൺ ഓഫീസർ /ഡെപ്യൂട്ടി പ്രിസൺ ഓഫീസർ (നോൺ കേഡർ) /പ്രിസൺ ഓഫീസർ/ഗേറ്റ് കീപ്പർ/ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് -2 / അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് -2 (നോൺ കേഡർ) എന്നിവരെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1 (നോൺ കേഡർ) ആയും അധിക സാമ്പത്തികബാധ്യത കൂടാതെയും വ്യവസ്ഥകൾക്ക് വിധേയമായും വ്യക്തിഗത റാങ്കിംഗ് നൽകുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. വ്യക്തിഗത റാങ്കിംഗ് അനുവദിക്കുന്നതിനുള്ള സർവീസ് കാലയളവ് യഥാക്രമം 12,20,25 ആയി കുറയ്ക്കണമെന്നാവശ്യപ്പെട്ട് കേരളാ ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ പരാമർശം (2) റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മറ്റെല്ലാ വ്യവസ്ഥകൾക്കും വിധേയമായി, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പിലെ നോൺ ഗസറ്റഡ് എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് താഴെപ്പറയും പ്രകാരം വ്യക്തിഗത റാങ്കിംഗ് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു:

| **സർവീസ് കാലയളവ്** | **അനുവദിക്കുന്ന വ്യക്തിഗത റാങ്ക്** |
|---|---|
| 12 വർഷം പൂർത്തിയാക്കിയ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | ഡെപ്യൂട്ടി പ്രിസൺ ഓഫീസർ (നോൺ കേഡർ) |
| 20 വർഷം പൂർത്തിയാക്കിയ അസിസ്റ്റന്റ് പ്രിസൺ | |

| | |
|---|---|
| ഓഫീസർ / ഡെപ്യൂട്ടി പ്രിസൺ ഓഫീസർ /ഡെപ്യൂട്ടി പ്രിസൺ ഓഫീസർ (നോൺ കേഡർ)/ഗേറ്റ് കീപ്പർ/പ്രിസൺ ഓഫീസർ | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് -2 (നോൺ കേഡർ) |
| 25 വർഷം പൂർത്തിയാക്കിയ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ /ഡെപ്യൂട്ടി പ്രിസൺ ഓഫീസർ /ഡെപ്യൂട്ടി പ്രിസൺ ഓഫീസർ (നോൺ കേഡർ) /പ്രിസൺ ഓഫീസർ/ഗേറ്റ് കീപ്പർ/ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് -2/അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് -2 (നോൺ കേഡർ) | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1 (നോൺ കേഡർ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),കേരളം,തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ )വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Amina B
സെക്ഷൻ ഓഫീസർ
Date: 24-09-2025 18:29:08

പകർപ്പ് : മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.